ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com
0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നേടിയ ശ്രീ.വിജയൻ.കെ.ആർ-ന് നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിലേക്ക് പുനർനിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം (ഡി) വിഭാഗം**

**നം.** DTETVM/3784/2026-ED2 (ED) **തിരുവനന്തപുരം,**
**തീയതി: 01-07-2026**

---

വായന:- 1) 11.05.2026 തീയതിയിലെ സ.ഉ (സാധാ) നം.541/2026/HEDN നമ്പർ ഉത്തരവ്
2) ഈ കാര്യാലയത്തിലെ 03.06.2026 ലെ DTETVM/8331/2024-ED1 നമ്പർ ഉത്തരവ്

**ഉത്തരവ്**

ഇടുക്കി സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിൽ ജോലി ചെയ്തു വരവേ തസ്തികമാറ്റം മുഖേന കോതമംഗലം സർക്കാർ പോളിടെക്ക്നിക് കോളേജിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.വിജയൻ കെ. ആർ-ന് (പെൻ: 397053) നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിൽ പുനർനിയമനം നൽകുന്നതിന് വായന (1) പ്രകാരം സർക്കാർ അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വായന (2) പ്രകാരം ശ്രീ.വിജയൻ.കെ.ആർ-ന് ക്ലാർക്ക് തസ്തികയിൽ നൽകിയിരുന്ന തസ്തികമാറ്റ നിയമനം റദ്ദ് ചെയ്യുകയും ടിയാനെ നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിലേക്ക് തിരിച്ചയച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ.വിജയൻ.കെ.ആർ (പെൻ:397053)-ന് കോതമംഗലം സർക്കാർ പോളിടെക്ക്നിക് കോളേജിലെ നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിൽ, ശ്രീമതി.ഷീല.പി.എസ് (പെൻ:385650) വിരമിച്ച ഒഴിവിൽ പുനർനിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ടി ജീവനക്കാരനെ ഉടൻ പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിൽ നിന്നും വിടുതൽ ചെയ്യേണ്ടതും നോൺ ടെക്നിക്കൽ അറ്റൻഡർ തസ്തികയിലെ ചേരുംകാലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്:-

1) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാനും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2) സൂപ്രണ്ട്, ജീവനക്കാര്യം (ഇ.ജി) സെക്ഷൻ
3) ഇ.ഡി1 സെക്ഷൻ
4) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Jayaprakash P
Date: 01-07-2026
11:34:58